**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4001** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഡ്രൈവർമാർക്ക് ട്രാൻസ്ഫർ അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാലങ്ങളായി ജോലി ചെയ്തുവരുന്ന ഡ്രൈവർമാർക്ക് അവരുടെ ജില്ലകളിലേയ്ക്ക് ട്രാൻസ്ഫർ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | ഗ്രാമവികസന വകുപ്പിൽ ഡ്രൈവർമാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളതായും സ.ഉ.(പി)03/2017/ ഉ ഭ പ വ തീയതി:25.02.2017 പ്രകാരം യോഗ്യരായ ജീവനക്കാർക്ക് അവരവരുടെ ജില്ലകളിലേക്ക് ഒഴിവു വരുന്നമുറയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .<br><br>നഗരകാര്യവകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള കരട് കൂ ലിസ്റ്റ് ഓൺലൈനായി പ്രസിദ്ധീകരിച്ചിട്ടുള്ളതായും ആയതിന്മേലുള്ള ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ കൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട് .<br><br>പഞ്ചായത്ത് വകുപ്പിലെ ഡ്രൈവർ തസ്തിക ജില്ലാ തലത്തിലുള്ള തസ്തികയായതിനാൽ അതിൽ ജില്ലാതലത്തിലാണ് നിയമനം നടത്തി വരുന്നതെന്നും, ജില്ലാതല നിയമനം നടക്കുന്ന തസ്തികകളിൽ മറ്റു ജില്ലകളിലേക്കുള്ള സ്ഥലംമാറ്റം അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് നടത്തി വരുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്ഥലംമാറ്റ വ്യവസ്ഥകൾ പ്രകാരം അനുവദനീയമായ സ്ഥലംമാറ്റ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ